# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 8 Reg NO.TNBIL/2016/70171 ISSUE - 6

JUNE - 2024 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)

പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)

(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333

കർത്താവിൻ പ്രിയരെ,



ജാമക്കാരൻ വായനക്കാർ എല്ലാപേർക്കും സമാധാനം ഉാകട്ടെ. കഴിഞ്ഞമാസം മുഴുവനും കൺമണിപോലെ എന്നെ കാത്ത ദൈവത്തെ സ്തുതിക്കുന്നു.

മാസിക താമസമായി വരുന്നതുകൊു എല്ലാവർക്കും സംശയം ഡോക്ടർ തുടർന്നു ദൈവവേല ചെയ്യുന്നോ ഡോക്ടർക്കെന്തെങ്കിലും അസുഖം ഉായോ എന്നു വളരെ വിഷമത്തോടു ചിലർ ചോദിക്കുന്നു. ദൈവത്തിന്റെ കൃപയാൽ സൗഖ്യത്തോടു ജീവിക്കുന്നു പ്രായത്തിന്റെ ബലഹീനതകൾ ഉ് വേറെ പ്രയാസങ്ങൾ ഒന്നും ഇല്ല.

കഴിഞ്ഞമാസം മധ്യപ്രദേശിൽ ആദിവാസികളുടെ ഇടയിൽ മിഷനറിമാരോടുകൂടെ താമസിച്ചു. അതിന്റെ ഫോട്ടോ പ്രസിദ്ധീകരി ക്കുന്നു. വിവരം പിന്നീട് എഴുതാം.

തുടർന്നു കൺവെൻഷൻ പ്രസംഗിച്ചു കൊിരിക്കുന്നു. രു മണിക്കൂർ

# JUNE - 2024

മൂന്നു മണിക്കൂർ നിന്നു പ്രസംഗിക്കാൻ പ്രയാസം ഇല്ല. കേറ്റം കേറുന്നതുമാത്രം പ്രയാസം കൺവെൻഷനിൽ ജനങ്ങളെക്കാണുന്നതു എത്ര സന്തോഷം.

നിങ്ങൾ തുടർന്നു അയക്കുന്ന കാണിക്ക കൊു മാസിക താമസിച്ചാലും എല്ലാ മാസവും പ്രസിദ്ധീകരിക്കുവാൻ ഒരു മുട്ടും ഇല്ല. ചെറിയ പ്രസ്സിൽ പ്രിന്റ് ചെയ്യുന്നതുകൊു മൂന്നു മാസത്തെ മാസിക ഒരു കവറിൽ ഇട്ടു ഞാൻ അയക്കുന്നു. സ്റ്റാമ്പിന്റെ ചിലവു മിച്ചമാകുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. തുടർന്ന് നിങ്ങളുടെ പ്രാർത്ഥനാകുറിപ്പുകൾക്കുവേിയും പ്രാർത്ഥിക്കുന്നു വീട്ടിൽ ഞാനും എന്റെ ഭാര്യയും മാത്രം ഉള്ളതുകൊു പ്രാർത്ഥിക്കാൻ ധാരാളം സമയം കിട്ടുന്നു. ഞങ്ങളോടുകൂടെ പ്രാർത്ഥനയിൽ ഞങ്ങളുടെ അടുക്കള ജോലി ചെയ്യുന്ന സ്ത്രീ എല്ലാ വിഷയങ്ങൾക്കും പ്രാർത്ഥിക്കുന്നു. കഴിഞ്ഞ 30 വർഷങ്ങളായി ഞങ്ങളുടെ കുടുംബത്തിൽ ഒരാളായി സഹായിക്കുന്നു. ഒരുദിവസം 3 വചനങ്ങൾ എന്റെ ഭാര്യ പറഞ്ഞുകൊടുക്കുന്നു. അതിന്റെ അർത്ഥവും പറഞ്ഞു കൊടുക്കുന്നു. അടുക്കളയിൽ നിന്നു കാണാപ്പാഠമായി പഠിച്ച് പിറ്റേദിവസത്തെ പ്രാർത്ഥനയിൽ കാണാപ്പാഠമായി പറയുന്നു. ഞങ്ങളുടെ കുടുംബപ്രാർത്ഥന കഴിഞ്ഞശേഷം അവളുടെ മുറിയിൽ ഒത്തിരി സമയം പ്രാർത്ഥിക്കുന്നു. അവർക്കുവേി ദൈവത്തെ സ്തുതിക്കുന്നു.

നിങ്ങൾ അയച്ച എല്ലാ പണവും കിട്ടി. തുടർന്നു നിങ്ങൾക്കുവേി പ്രാർത്ഥിക്കുന്നു. Online ൽ പണം അയച്ചവർക്കു രസീതു അയക്കാൻ സാധിച്ചില്ല. പേര് അറിയാത്തുകൊു രസീത് അയക്കാൻ സാധിക്കുന്നില്ല. പക്ഷേ നിങ്ങൾക്കുവേി പ്രാർത്ഥിക്കും. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

**ഡോ. പുഷ്പരാജ്.**

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**STATE BANK OF INDIA

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**



# അമ്മാവിയമ്മയുടെ മകൻ

(Dr. Iylian Stantly. M.B.B.S., D.C.H.,)

ഇൻഡ്യയിലെ സ്ത്രീകളിൽ പലരും തങ്ങളുടെ ഭർത്താക്കന്മാരെ "എന്റെ അമ്മാവിയമ്മയുടെ മകൻ" എന്ന് പരിചയപ്പെടുത്തിയിരി ക്കുന്നു. നമ്മുടെ രാജ്യത്ത് സുമാർ 80% ഭർത്താക്കന്മാരും തങ്ങളുടെ അമ്മയുടെ മകൻമാരായി ജീവിക്കുന്നു. സമീപകാലത്തെ ജസംഖ്യാ കണക്കനുസരിച്ചു ഇൻഡ്യയിലെ ആത്മഹത്യകളിൽ സുമാർ 10% അമ്മാവിയമ്മ അമ്മാവിയപ്പന്റെ – മരുമകൾ വിഷയമായി വന്ന കുഴപ്പങ്ങളിൽ വന്നതു എന്നു അറിയിച്ചിരിക്കുന്നു. ആ പട്ടികയിൽ രാം സ്ഥാനം തമിഴ്നാടിനാണ്. മക്കൾ മാതാപിതാക്കളെ ബഹുമാനിക്കണം എന്നു പറഞ്ഞാലും, വിവാഹത്തിനുശേഷം പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞേ തീരണം എന്നു വേദപുസ്തകം വളരെ വ്യക്തമായി പറയുന്നു. ഒന്നുരു തവണയല്ല. നാലു തവണ ഈ കല്പന വേദപുസ്തകത്തിൽ വർണ്ണിച്ചിരിക്കുന്നു. മനുഷ്യൻ എന്തുകൊു തന്റെ അപ്പനെയും അമ്മയെയും വിട്ടുപിരിയണമെന്നു ഓരോ സ്ഥലത്തും ഒരു പ്രത്യേക കാരണം കാണാൻ സാധിക്കും.

### (അ) ഉല്പത്തി 2:24

"ദൈവമായ കർത്താവ് താൻ മനുഷ്യനിൽ നിന്നെടുത്ത വാരിയെല്ലിൽ നിന്നു എടുത്ത എല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുത്തു കൊുവന്നു. അപ്പോൾ മനുഷ്യൻ (ആദാം): ഇതു ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും എന്റെ മാംസത്തിൽ നിന്നു മാംസവും ആകുന്നു. ഇവളെ നരനിൽ നിന്നു എടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേരാകും എന്നു പറഞ്ഞു. അതുകൊു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോട് പറ്റിച്ചേരും. അവർ ഒരേ ദേഹമായിത്തീരും".

മനുഷ്യനിൽ നിന്നു എടുക്കപ്പെട്ട സ്ത്രീ, അവന്റെ ഇഷ്ടാനുസരണം വിനയപ്പെട്ടു

അവനിൽ വീും യോജിച്ചു. അവൾ മനുഷ്യന്റെ ഒരു ഭാഗം, സ്വതന്ത്രവ്യക്തിയല്ല. വിവാഹത്തിനു മുമ്പു പുരുഷനും സ്ത്രീയും അവരവരുടെ കുടുംബത്തിൽ ഉള്ളവർ. അതിനെ വിട്ടു പുറത്തുവന്നു അവർ ഒരു പ്രത്യേക കുടുംബം ഉാക്കുന്നതിനു യോജിപ്പിക്കുന്നു.

എന്നാൽ ഇൻഡ്യൻ സംസ്ക്കാരത്തിൽ ഒരു സ്ത്രീ അവളുടെ തുണയാളിയുടെ കുടുംബത്തിൽ ചേർത്തുകൊള്ളുന്നു. അവിടെ അവൾ ഒരു മകളായി പ്രവർത്തിക്കാൻ പ്രതീക്ഷിക്കപ്പെടുന്നു. മകന്റെ ഭാര്യയായി അല്ല കുടുംബത്തിനുള്ളിൽ ഒരു കുടുംബം. ഇതു പ്രകൃതി നിയമത്തിനു വിരോധമായതു. മൃഗങ്ങളും പക്ഷികളും വളർന്നു കഴിഞ്ഞ ഉടൻ പുറത്തുവന്നു തനിക്കായി ഒരു കൂടു കെട്ടുന്നു. പല യുവദമ്പതികളും അറിവില്ലാതെ പുരുഷന്റെ കുടുംബത്തോടുകൂടി കുടിയേറി കാലം കഴിച്ചു കണ്ണീർ വീഴ്ത്തുന്നു. തെറ്റായ സംസ്ക്കാര പഴക്കങ്ങൾ മാറ്റാൻ നാം എന്തുകൊു ശ്രമിക്കുന്നില്ല.

സ്ത്രീകൾ വളരെ എളുപ്പമായി തന്റെ മാതാപിതാക്കളെ വിട്ടുപിരിയുന്നു. റിബേക്കാ എത്ര ധൃതിയായി “ഞാൻ പോകുന്നു” (ഉല്പ. 24:58) എന്നു പറഞ്ഞു. റാഹേലും ലേയയും അപ്പന്റെ വീട് വിടാൻ തയ്യാറായിരുന്നു (ഉല്പ. 31:16). ഒർപ്പയും രൂത്തും മാതൃഭവനത്തിലേക്കു മടങ്ങിപോകേണമെന്നറിഞ്ഞപ്പോൾ ഉച്ചത്തിൽ കരഞ്ഞു (രൂത്ത് 1:10). പുരുഷന്മാർക്കോ അതു ഒരു പോരാട്ടം.

മാതാപിതാക്കളെ ഒട്ടിക്കഴിയുന്ന വിവാഹിതരായ സ്ത്രീകൾ തങ്ങൾക്കുതന്നെ കുഴി തോുന്നു.

അല്ലയോ കുമാരി, കേൾക്ക, നോക്കുക, ചെവിചായ്ക്ക സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്ക അപ്പോൾ രാജാവു നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും (സങ്കീ. 45:10,11).

ആദിമനുഷ്യനു ദൈവം ഈ നിബന്ധനവയ്ക്കാൻ കാരണം എന്ത്? ആദാം ദൈവത്തിന്റെ മകൻ (ലൂക്ക. 3:38). ദൈവം തന്നെ അവനു മാതാവും പിതാവുമായിരുന്നു. പിന്നീട് അവൻ തന്നെ (ദൈവം) തുണക്കായി തേടാതിരിക്കുന്നതിനു അവന്റെ ഭാര്യയുടെ ശ്രദ്ധയിൽ അവനെ വിട്ടു. കൃത്യമായി വൈകുന്നേരം മാത്രം അവരെ തേടിവന്നു തങ്ങളുടെ കൂടിനെ തങ്ങൾതന്നെ കെട്ടുന്നതിനു അവരെ അനുവദിച്ചു.

**(ആ) മത്തായി 19:4-6**

"സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതുനിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊു അവർ മേലാൽ രല്ല; ഒരു ദേഹമത്രേ. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നു ഉത്തരം പറഞ്ഞു.

ഒരാൾ എന്തുകൊു തന്റെ മാതാപിതാക്കളെ വിടണം. കാരണം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. അവർ തമ്മിൽ തമ്മിൽ ആകർഷിക്കാനുള്ള ശക്തി ഉള്ളവർ. സ്ത്രീ പുരുഷ ബന്ധത്തെ യാതൊന്നിനോടും തുല്യപ്പെടുത്താൻ സാധ്യമല്ല. എബ്രായ ഭാഷയിൽ ദാമ്പത്യബന്ധത്തെ "പരിഗ്രഹിക്കുക" എന്നു സൂചിപ്പിച്ചിരിക്കുന്നു. പുരുഷനെ സ്ത്രീയല്ല പക്ഷെ പുരുഷൻ തന്നെ സ്ത്രീയെ പരിഗ്രഹിക്കുന്നു. ഇതുവെറും ശരീര അല്ലെങ്കിൽ മനബന്ധത്തെക്കാളും ആഴമായതാണ്. വിവാഹ്തിനുശേഷം ഒരാൾ ആരും മനസിലാക്കാത്ത രീതിയിൽ തന്റെ ഭാര്യയെ പരിഗ്രഹിക്കാനും മനസിലാക്കാനും തുടങ്ങുന്നു. ഇതു ജീവിതം മുഴുവനും തുടരുന്ന ഒരു അത്ഭുതം.

ഈ സന്ദർഭത്തിൽ യേശു വിടുതൽ, ചേർച്ച, വേർപാട്, വ്യഭിചാരം ഇവകളെ ബന്ധിപ്പിച്ചു പറയുന്നു. യുവഭാര്യമാർ ചിലർ കൂട്ടുകുടുംബത്തിൽ മറ്റു പുരുഷന്മാരോട് അടുത്തിടപെടുന്നതുകൊു വ്യഭിചാരത്തിൽ വീഴാൻ കാരണമാകുന്നു. സ്ത്രീ പുരുഷ ബന്ധം ഒരു രഹസ്യം. അതുകൊാണ് കർത്താവു വേർപാടിനും വ്യഭിചാരത്തിനും എതിരായി വളരെ ചൂടായി സംസാരിച്ചത്. ആരും എന്തു കാരണത്താലും മുറിക്കാൻ പാടില്ലാത്ത ചേർച്ചയാണ് അത്. വ്യഭിചാരത്തിൽ ഒരാൾ നേരത്തെ അതിനെ മുറിച്ചു. അതു ദൈവത്തിന്റെ സാദൃശ്യത്തെ തന്നെ മുറിക്കുന്നതാണ്. ഇത്രവലിയ പാപത്തിനു വാതിൽ തുറന്നുവയ്ക്കേ ആവശ്യമില്ല.

"ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, .....ആണും പെണ്ണുമായി.....(ഉല്പ. 1:27). നമ്മുടെ സ്ത്രീത്വവും പുരുഷത്വവും ദൈവസ്വരൂപത്തിനു ബന്ധപ്പെട്ടവ. അതുകൊു സ്ത്രീയും പുരുഷനും ചേരുമ്പോൾ ദൈവസാദൃശ്യം പൂർണ്ണപ്പെടുത്തുന്നു.

ഒരാൾക്കു മാതാപിതാക്കളോടുള്ള സ്നേഹം പൂർണ്ണമായും വ്യത്യാസപ്പെട്ടതു. **അതു വാത്സല്യം. മറ്റേതു ജഡസ്നേഹം** (sex love). ഒരുവൻ ശരീര പ്രകാരവും

മനസിലും മാതാപിതാക്കളിൽ നിന്നു തന്നെ നിർബന്ധമായി പിരിഞ്ഞാലല്ലാതെ തന്റെ ഭാര്യയോടു ദൈവം നിയമിച്ച ഏകത്വത്തെ പ്രാപിക്കുന്നതിനു സാധ്യമല്ല. പുതിയ ദമ്പതികൾ ദൈവ സാദൃശ്യത്തെ പ്രതിഫലിപ്പിക്കാനും സാധ്യമല്ല.

ഒരിക്കൽ എന്റെ ഭർത്താവും ഞാനും എന്റെ സ്നേഹിതനായ ഒരു പ്രബല ദൈവവേലക്കാരനോടും അദ്ദേഹത്തിന്റെ ഭാര്യയോടും ഇക്കാര്യത്തെക്കുറിച്ച് തർക്കിച്ചു കൊിരുന്നു. അവർ, സഹോദരി, നിങ്ങൾ എന്തു പറഞ്ഞാലും ശരി, അമ്മക്കുശേഷമാണു ഭാര്യ എന്നു പറഞ്ഞു. ഞാനും തമാശയായി, അതു ശരിതന്നെ സഹോദരാ, ഞങ്ങൾക്കും അപ്പനു ശേഷമാണല്ലോ ഭർത്താവു എന്നു പറഞ്ഞു. അതു ഞാൻ മനസോടെ പറഞ്ഞതല്ല. എപ്പോഴും എന്റെ ഭർത്താവിനെതന്നെ പ്രധാനമാക്കി വച്ചിരിക്കുന്നു. എന്നാൽ ഒരു സ്ത്രീയും പുരുഷനും തന്റെ തുണയാളിയെ എന്തുദ്ദേശത്തോടെ നോക്കുന്നു എന്നു ഞങ്ങൾക്കു മനസിലാക്കാൻ സാധിച്ചു. മാതാവിനെയും പിതാവിനെയും വിട്ടു പിരിയേണമെന്നു ദൈവം മനുഷ്യനോടു പറഞ്ഞതിൽ വ്യത്യാസമൊന്നുമില്ലല്ലോ. പൂർണ്ണജീവിതം തങ്ങളുടെ മാതാപിതാക്കളുടെ വീട്ടിൽ അനുഭവിക്കാൻ ആശിക്കുന്ന ദമ്പതികൾ മരുഭൂമിയിലെ മായയായി തോന്നുന്ന വെള്ളത്തെ പിൻപറ്റുന്നു എന്നർത്ഥം.

**(ഇ) മർക്കൊസ് 10:7**

ഇതും അതേസന്ദർഭം തന്നെ ആണെങ്കിലും വേറൊരു ദിശയിൽ കാണാം.

പരീശന്മാരിൽ ചിലർ : "ഭാര്യയെ ഉപേക്ഷിക്കുന്നതു പുരുഷനു വിഹിതമോ എന്നു അവനെ (യേശുവിനെ) പരീക്ഷിച്ചുകൊു ചോദിച്ചു. യേശുവിന്റെ മറുപടിയുടെ ചുരുക്കം : " അവർ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഒരേ ദേഹമായിരിക്കുന്നു. ദൈവം അവരെ യോജിപ്പിക്കുന്നു. അതുകൊു ആരും അവരെ വേർപിരിക്കരുത്" അപ്പനെയും അമ്മയെയും വിട്ടു, ഒന്നായ് ദൈവത്താൽ ചേർക്കപ്പെടുന്നതിനു മുമ്പു, പിരിക്കുന്നതെങ്ങനെ? മറ്റൊരു കുടുംബത്തിലായിരിക്കുന്ന ഭർത്താവു – ഭാര്യയ്ക്കിടയിൽ ഇനിയും വിടവ്. പത്തു വർഷങ്ങൾ കഴി ഞ്ഞാലും മരുമകൾ ഇന്നലെ വന്നവൾ തന്നെ. എന്നും അവൾ "വേറൊരുത്തി" തന്നെ. പുരുഷനു തന്റെ ഭാര്യയെ ശ്രദ്ധിച്ചു മനസിലാക്കാൻ സമയം മാറ്റിവയ്ക്കാൻ സാധ്യമല്ല. അവൻ തന്നെയും തന്റെ സമയത്തെയും കുടുംബത്തിലെ മറ്റു അംഗങ്ങളോടൊപ്പം പങ്കുവയ്ക്കണം. അതുകൊു ഭാര്യവോത്തവനെന്നു അറിയുന്നു. ഭർത്താവിനോടു ഭാര്യക്കു യോജിച്ചുപോകുക എന്നതു വിഷമം. പോരെങ്കിൽ അവൾ തന്റെ

ഭർത്താവിന്റെ വീട്ടിലെ ഓരോരുത്തരോടും യോജിച്ചു പോകാൻ പ്രതീക്ഷിക്കുന്നതു സാധിക്കുന്ന കാര്യമാണോ?

മാതാപിതാക്കളും കൂടെ ജനിച്ചവരും ചുറ്റിചുറ്റി വരുന്നതു കൊു ഭർത്താവു മകനായിതന്നെ ജീവിതം തുടരുന്നു. ഭർത്താവിനുള്ള പക്വതയോ പിതാവിനുള്ള പക്വതയോ അവനു പ്രാപിക്കാൻ സാധിക്കുന്നില്ല. കുഞ്ഞു വളരുമ്പോൾ ഇളം തലമുറ പ്രായമുള്ളവരോടു മുട്ടും – എതിർക്കും. രു വശത്തേക്കും പിടിച്ചു വലിക്കുന്ന കുഞ്ഞുങ്ങൾ ചിട്ടയായി വളരുന്നതെങ്ങനെ? എന്തുകൊു ഒരാളിനെ സൃഷ്ടിച്ചു? (അല്ലെങ്കിൽ എന്തുകൊു അവരെ ഒന്നാക്കി – ഇംഗ്ലീഷ് വേദപുസ്തകം. ദൈവഭക്തിയുള്ള സന്തതിയെ പ്രസവിക്കുന്നതിനാണല്ലോ? (മലാഖി 2:15) (ശ്രദ്ധിക്കുവിൻ : ഈ വാക്യത്തിൽ തമിഴ് വേദപുസ്തകത്തിനും മലയാളം വേദപുസ്തകത്തിനും വളരെ വ്യത്യാസം കാണുന്നു. കത്തോലിക്കാ വേദപുസ്തകത്തിൽ തമിഴ് വേദപുസ്തകത്തിലെ തർജ്ജിമ ശരിയായിക്കാണുന്നു. ഏകശരീരവും ഏകാത്മാവുമായിട്ടല്ലേ ദൈവം നിങ്ങളെ സൃഷ്ടിച്ചത്, ദൈവഭക്തരായ സന്തതികളെയല്ലാതെ എന്താണു ദൈവം ആഗ്രഹിക്കുന്നത്?) മദ്ദളത്തിനു രുവശത്തും അടി ഏല്ക്കുന്നതുപോലെ എല്ലാ ചർച്ചകളിലും ഭർത്താവു ബാധിക്കപ്പെടുന്നു. “മനുഷ്യൻ വേർപിരിക്കരുത്” എന്നതിനു മുൻപിൽ “അവർ ചേരുന്നതിനെ മനുഷ്യൻ തടയാതിരിക്കണം”‘ എന്നതു ആദ്യം വരണം.

ഈ കുഴപ്പം ശരിയാകുന്നതു അമ്മാവിയമ്മയുടെ കയ്യിലാണിരിക്കുന്നത്. ലെമൂവേൽ രാജാവിന്റെ അമ്മയെപ്പോലെ ഏതൊരു അമ്മാവിയമ്മയാണു തന്റെ മകനെ നോക്കി താഴെ പറയും പ്രകാരം ഗുണദോഷം പറയും?

“നിന്റെ ഹൃദയം അവളെതന്നെ (എന്നെയല്ല) വിശ്വസിക്കും.

അവർ തന്നെ (ഞാനല്ല) നിനക്കു നന്മചെയ്യും.

അവൾ തന്നെ (ഞാനല്ല) നിനക്കു ആഹാരം തരും.

അവൾ വയൽ വാങ്ങും (ഞാൻ ലുബ്ദിച്ചു അവളുടെ ചെലവുകളെല്ലാം കണക്കു നോക്കുകയില്ല).

തന്റെ വീട്ടുകാര്യങ്ങൾ അവൾ തന്നെ നോക്കും (എന്റെ വീട്ടിലെ വിരുന്നുകാരിയെപോലെ ഇരിക്കയില്ല).

അവളുടെ ഭർത്താവു (എന്റെ മകനല്ല) പ്രശസ്തനായിരിക്കും.

അവൾ ബലവും, അലങ്കാരവും സന്തോഷവതിയുമായിരിക്കും (അവളുടെ ആഹാരത്തിൽ മിച്ചം പിടിച്ചു കണ്ണീരൊഴിപ്പിക്കാൻ
വിടുകയില്ല).

പറയാൻ തുടങ്ങിയാൽ എനിക്കു നിന്റെ വീട്ടിൽ സ്ഥലമേ ഇല്ല.

നീ പുറത്തുപോയി അവളോടൊപ്പം ജീവിക്കണം (സദൃ. 31) **ഏതു മാതാവു ഭർത്താവായ തന്റെ മകനു ഇങ്ങിനെ ബുദ്ധി ഉപദേശിക്കും** "കല്ലായാലും ഭർത്താവു, പുല്ലായാലും ഭർത്താവു, നീ തന്നെ എല്ലാറ്റിലും സഹിച്ചുപോകണം' എന്നു ഭാര്യയോടു പറഞ്ഞാൽ മാത്രം മതിയോ?

പല അമ്മമാർക്കു ആൺകുഞ്ഞു ജനിച്ചാൽ വലിയ മഹത്വം. എല്ലാം മകനുവേി തന്നെ എന്നു പറഞ്ഞു ജീവിക്കും. നിനക്കായി എത്രമാതം ത്യാഗം സഹിച്ചു, എന്നു കൂടെക്കൂടെ സൂചി കുത്തിക്കുത്തി വളർത്തും". ഞങ്ങൾ വിശ്വസിച്ചു, കർത്താവു ഞങ്ങൾക്കു ആൺകുട്ടി തന്നു" എന്നൊരാൾ പറഞ്ഞു. ഞാൻ വിടുമോ: "ഞങ്ങൾ അധികമായി വിശ്വസിച്ചു. അതുകൊു കർത്താവു ഞങ്ങൾക്കൊരു പെൺകുഞ്ഞിനെ തന്നു" എന്നു ഞാൻ പറഞ്ഞു. സ്ത്രീക്കു, ഉയർന്ന സ്ഥാനം കല്പിക്കുന്നവളല്ല ഞാൻ. എന്നാൽ ലിംഗവ്യത്യാസം ചിന്തയിൽ വളർന്ന ഒരാൾ തന്റെ മാതാവിനെ തനിക്കായി മാത്രം രക്തംചിന്തിയ ത്യാഗിയായി കാണുന്നു. അതുകൊു തന്റെ ഭാര്യ അവളുടെ അമ്മാവിയമ്മക്കു ചെരിപ്പായി പ്രതീക്ഷിക്കുന്നു. മാതാവും തന്റെ കണ്ണുനീർ കാണിച്ചു തന്നെ അവനെ നിയന്ത്രിക്കുന്നു. അവൻ വീടിനെയോ, ദേശമോ, ജില്ലയോ, രാജ്യമോ വിട്ടുപോകാൻ പാടില്ല. മകനും അവളുടെ അമ്മയുടെ സാരിയുടെ അറ്റത്തു പിടിച്ചു കൊുതന്നെ വിവാഹം കഴിക്കുന്നു. യുവഭാര്യക്കു ഒരു സമ്മാനം കൊടുത്താലോ, ഒരു പ്രോത്സാഹന വാക്കു പറഞ്ഞാലോ മതി "കല്യാണത്തിനു ശേഷം അവൻ ആകെ മാറിപ്പോയി" എന്നോ "ഭാര്യയുടെ വാക്കുകേട്ട് അവൻ ആടുന്നു" എന്നോ "എന്റെ മകനെ അവൾ മോഷ്ടിച്ചു" എന്നോ പറയും. ഒരു പക്ഷേ ഭാര്യ സംസാരിച്ചാൽ പറയും: "വീടിനെ രാക്കാൻ വന്നവൾ" വീട് രാക്കിയതു ദൈവമല്ലേ?.

മകൻ താനെ പുറത്തു വന്നില്ലെങ്കിൽ കുറ്റ ഉണർവില്ലാതെ അവൻ മോഷ്ടിക്കപ്പെടണം. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ കൂട്ടിക്കൊു മറ്റാരും അറിയാതെ ഓടാൻ കാലമായി!

**(ഈ) എഫേസ്യർ 5: 22-33.**

"ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ....... തന്നെത്താൻ അവൾക്കുവേി ഏല്പിച്ചു കൊടുത്തു. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തശരീരങ്ങളെപോലെ സ്നേഹിക്കേതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകെച്ചിട്ടില്ലല്ലോ. കർത്താവു സഭയെ സംരക്ഷിച്ചു കാക്കുന്നതു പോലെ ഓരോരുത്തരും തന്റെ ജഡത്തെ സംരക്ഷിച്ചു കാക്കണം. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളായും അവന്റെ ജഡത്തിനും അവന്റെ എല്ലിനും അംശികളായിരിക്കുന്നു. (മുകളിൽ പറഞ്ഞ) അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയതു. ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത്. എന്നാൽ നിങ്ങളും അങ്ങനെ തന്നെ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നെ സ്നേഹിക്കേണം."

വിവാഹിതനായ മകൻ തന്റെ മാതാപിതാക്കളോടു എപ്രകാരം സ്നേഹമായിരിക്കണമെന്നു വേദപുസ്തകത്തിലെങ്ങും ഇത്ര വ്യക്തമായി എഴുതപ്പെട്ടിട്ടില്ല. ഭാര്യ - ഭർത്യ സ്നേഹമോ കാലും തലയും അറിയാത്ത, കണ്ണടച്ചിരിക്കുന്ന, വ്യക്തമായ സ്നേഹം. വിശന്നാൽ "ചോറു തരുന്നോ" എന്നു ദേഷ്യപ്പെടാതെയും അതേ സമയം "നിനക്കു ഒന്നും കഴിക്കേ" എന്നു ഭാര്യയോടു തിരക്കുന്ന അലിവുള്ള സ്നേഹം. തനിക്കു ഷർട്ടു പാൻസ് എടുക്കാൻ ആവശ്യം വരുമ്പോൾ ഭാര്യയോടു "നിനക്കു ആവശ്യത്തിനുള്ള വസ്ത്രം ഉോ?" എന്നു അന്വേഷിക്കുന്ന സ്നേഹം. തനിക്കു അവളുടെ മാതാപിതാക്കളോടൊപ്പം ജീവിക്കാൻ സാധിക്കുന്നില്ലെങ്കിൽ അവളെ തന്റെ മാതാപിതാക്കളോടൊപ്പം ജീവിക്കാൻ നിർബന്ധിക്കാത്ത സ്നേഹം. അതാണു ഭാര്യയെ തന്നെപ്പോലെ സ്നേഹിക്കുക എന്നതു. തന്നെ ഏല്പിക്കുന്ന സ്നേഹം. (അതായതു തന്റെ മാതാപിതാക്കളിൽ നിന്നു രക്ഷപ്പെട്ടു ഭാര്യക്കു തന്നെ പൂർണ്ണമായി ഏൽപിക്കുന്ന സ്നേഹം). കൂട്ടുകുടുംബ സാഹചര്യത്തിൽ ഇപ്രകാരമുള്ള സ്നേഹം കാണാൻ സാധ്യമല്ല.

"ഇന്നലെ വന്നവളോടു ഇപ്രകാരം സ്നേഹം കാണിക്കുന്നതു മറ്റുള്ളവർക്കു വെറുപ്പായി തോന്നും. ഇൻഡ്യയിൽ വിവാഹ ആരാധനാ ചടങ്ങിൽ ഭർത്താവു പറയുന്ന

വാക്കിൽ "അമ്മയെയും അപ്പനെയും വിട്ടു നിന്നോടു യോജിച്ചിരിക്കും" എന്നു ഒരുവരിയും ചേർക്കുന്നതിനെക്കുറിച്ചു ആലോചിക്കുന്നതു നല്ലതു.

**കൂട്ടുകുടുംബം**

ഞാൻ കൂട്ടുകുടുംബ വിരോധിയല്ല. അതിൽ നന്മകൾ ഉു. പുറത്തു ജോലി ചെയ്യുന്ന ഭാര്യയുടെ കുഞ്ഞുങ്ങൾക്കു അതു കാവലാണ്.. കുഞ്ഞുങ്ങളുടെ ആരോഗ്യത്തിനു അപ്പൂപ്പൻ അമ്മച്ചിയുടെ ലാളന ആവശ്യം. കുടുംബങ്ങൾ ചെറുതായി വരുന്ന ഈ നാളുകളിൽ ഭാര്യ ഒന്നു രു കുഞ്ഞുങ്ങളോടൊപ്പം തനിച്ചു വീട്ടിലിരിക്കുന്നതു ബുദ്ധിമുട്ടുള്ള കാര്യം തന്നെ. ഭർത്താവിന്റെ ജോലി അദ്ദേഹത്തെ വളരെ സമയം പുറത്തായിരിക്കാൻ അനുവദിച്ചാൽ ഇനിയും ബുദ്ധിമുട്ടുള്ളതാകും. സംരക്ഷണ ഒരു വശത്ത്. പണ സംബന്ധമായ കാര്യങ്ങളിൽ ഒരു മകന്റെ വരുമാനത്തെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾക്കു മാറിത്താമസിക്കുക എന്നതു ചിന്തിക്കാനേ സാധ്യമല്ല. പുതിയ കുടുംബക്കാർ തനിച്ചു താമസിക്കാൻ തയ്യാറാകുന്നതുവരെ കൂട്ടുകുടുംബം താല്ക്കാലികമായി സ്വീകരിക്കാം. അമ്മയോ അപ്പനോ തനിച്ചോ, രോഗിയോ ആയിരുന്നാൽ ശുശ്രൂഷിക്കേതു മക്കളുടെ കടമ. ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ കൂട്ടുകൂടുംബത്തിൽ ജീവിക്കുന്നവർ പ്രശ്നങ്ങൾ ഓരോന്നും ആത്മീയ വളർച്ചക്കു കാരണമാക്കി എടുക്കണം. ആർക്കറിയാം? ദൈവം അങ്ങനെയുള്ളവരെ മുറിവേറ്റവർക്കു സൗഖ്യം നൽകുന്ന വൈദ്യനാക്കാമല്ലോ.

നല്ല അമ്മാവിയമ്മമാരും ു്. എന്നാൽ പൊതുവായി അമ്മാവിയമ്മമാരാൽ തകർക്കപ്പെട്ട കുടുംബങ്ങളിലെ എണ്ണം കൂടിയതു കൊാണ് ഈ ലേഖനത്തിൽ അതു ഊന്നി ചൂിക്കാണിച്ചു എഴുതി യതു. വയസായതും, തങ്ങളെ തങ്ങൾക്കുതന്നെ സൂക്ഷിക്കാൻ സാധിക്കാത്ത മാതാപിതാക്കളെ സേവന വിലയങ്ങളിൽ (old age homes) പണം അടച്ചു അവരെ അവിടെയാക്കിയാൽ മതി എന്നു ചിന്തിക്കരുത്. അവർക്കു മക്കൾ, ചെറുമക്കൾ എന്നിവരുടെ വാത്സല്യ സാഹചര്യം ഉായിരിക്കണം. ഒരാളിനൊരാൾ വിട്ടു വീഴ്ച ചെയ്തു ജീവിച്ചാൽ അങ്ങനെ കുടുംബത്തെ സ്വർഗ്ഗ സുഖത്തെ ഭൂമിയിൽ അനുഭവിക്കാൻ സാധിക്കും.

മാതാപിതാക്കളും വളരെ ജ്ഞാനത്തോടെ മക്കളോടൊപ്പം മാറിമാറി താമസിച്ചാൽ മക്കൾക്കു അതു ഭാരമായി തോന്നുകയില്ല. കഴിയുന്നിടത്തോളം ഒരാൾ മറ്റൊരാളെ സന്തോഷപ്പെടുത്താൻ ശ്രമിക്കണം. നല്ല ആരോഗ്യമുള്ളവരായ മാതാപിതാക്കൾ ധനമുള്ളവരാണെങ്കിൽ, വിവാഹം കഴിഞ്ഞ ഉടൻ മകനെയും

മരുമകളെയും മേളതാളത്തോടെ പുറത്താക്കണം (മാറി താമസിപ്പിക്കണം). അങ്ങനെയായാൽ ബന്ധം സൂക്ഷിക്കാം. കൂട്ടുകുടുംബത്തിൽ തനി കുടുംബം തനിച്ചായിരിക്കണം. മാതാപിതാക്കൾ മകനേ, മകളേ എന്നു ബന്ധ അവകാശം പാടില്ല. അമ്മാവിയമ്മ ഭാര്യയെ കൊച്ചാക്കി കയറി ചവിട്ടാതിരിക്കാൻ മകൻ ശ്രദ്ധിക്കണം. ശാലോമോൻ രാജാവു തന്റെ അമ്മയെ സ്നേഹിച്ചു ആദരിച്ചു. അവൻ രാജഭരണത്തിനിടയിലും എണീറ്റു, അവളെ എതിരേറ്റു ചെന്നു അവളെ വണങ്ങി തന്റെ വലതുഭാഗത്തു ഇരിക്കാൻ അവൾക്കു ഇരിപ്പിടം ഇട്ടു, ഇരുത്തി, അവളുടെ ആഗ്രഹം നിഷേധിക്കയില്ലെന്നു വാക്കു കൊടുത്തു. ഏന്നാൽ അതേസമയം തെറ്റായ അവളുടെ ആഗ്രഹത്തിനു അവൻ ചെവി ചായ്ച്ചില്ല (1 രാജാ. 2: 20–25). അതു അമ്മയോടു ബഹുമാന കുറവു കാണിച്ചതല്ല. ജ്ഞാനത്തോടെ ദൈവ ഇഷ്ടം വിവേചിച്ചറിഞ്ഞു പ്രവർത്തിച്ചു. തന്റെ മാതാപിതാക്കൾ പറയുന്നതും തന്നെയും തന്റെ ഭാര്യയെയും ചേ ർക്കുന്നതിനോ പിരിക്കുന്നോ എന്നു ഒരു മകൻ വിവേചിച്ചറിയണം. ജ്ഞാനമുള്ള മകൻ ആപത്തിന്റെ അടയാളങ്ങളെ അതിവേഗം കുപിടിച്ചു പെട്ടെന്നു എണീറ്റു മാതാപിതാക്കളെ തടയും.

മാതാപതാക്കളോടൊപ്പം ജീവിക്കുന്ന ഭർത്താവു തന്റെ ഭാര്യയെ കുറ്റപ്പെടുത്താൻ പാടില്ല. ജീവിതത്തിൽ പല ഭാഗങ്ങളിൽ അവൾ വിടുതൽ ലഭിക്കാതെ മുടങ്ങിക്കിടക്കും. മകനെ വിടാൻ മടിക്കുന്ന മാതാപിതാക്കളും മരുമകളെക്കുറിച്ചു പിറുപിറുക്കാൻ പാടില്ല. കൂട്ടുകുടുംബ സാഹചര്യത്തിൽ അവൾ വെള്ളത്തിൽ നിന്നു കരയ്ക്കെറിയപ്പെട്ട മീനിനെ പോലെയാണു.

ഭാര്യമാർ ഉടനെ കെട്ടുംകെട്ടി പ്രത്യേക കുടുംബം തുടങ്ങണം. ഇൻഡ്യയിലെ പുരുഷന്മാർക്കു അമ്മ മക്കൾ എന്നതിൽ സംശയമില്ല, വിവാഹത്തിനു ശേഷം വളർന്നു ഭർത്താവായിതീരാൻ അവർക്കു ചില കാലം വേി വന്നേക്കാം. ഭർത്താവു പ്രത്യേക ഭവനത്തിനു തലവനാകുന്നതിനുള്ള ധൈര്യവും പ്രത്യാശയും ലഭിക്കുന്നതുവരെ ഭാര്യമാർ അല്പം ക്ഷമയോടെ കാത്തിരിക്കണം. എന്നാൽ മാതാപിതാക്കൾ തങ്ങളായിട്ടോ സഹായികൾ മുഖാന്തിരമോ തങ്ങളുടെ കുടുംബത്തെ നടത്താൻ സാധിക്കുമെങ്കിൽ സമുദായം എന്തും പറയും എന്ന ചൊല്ലിനു ചെവി അടച്ചു ഭാര്യയും ഭർത്താവും വേദപുസ്തകത്തിൽ ശ്രദ്ധിക്കണം. വേദപുസ്തകം പറയുന്നതു ദൈവം പറയുന്നതു. ഭക്തി കൊു മാത്രം നിറുത്തികളയരുത് സത്യമനുസരിച്ചു ജീവിക്കാൻ ധൈര്യപ്പെടണം.

# പരിശുദ്ധാത്മാവ്

- Y . Johns

**കുറിപ്പ്:** പരിശുദ്ധാത്മാവ് ലഭിക്കുന്നതും അതിന്റെ അടയാളമായി അന്യഭാഷ സംസാരിക്കുന്നതുമായ പല വിഷയങ്ങൾ വായനക്കാരുടെ ഹൃദയത്തിൽ പല സംശയങ്ങൾ ഉാക്കി. ഈ വിഷയങ്ങളെക്കുറിച്ചു ള്ള ഈ ലേഖനം വായനക്കാരുടെ ചില സംശയങ്ങൾ മാറ്റുമെന്ന് വിശ്വസിക്കുന്നു.

നിങ്ങൾ താഴെ വായിക്കുന്ന ഈ വിഷയത്തിൽ പെന്തെക്കോസ്തു പാസ്റ്റർമാർക്കോ വിശ്വാസികൾക്കോ അഭിപ്രായവ്യത്യാസം ഉങ്കിൽ അവ ജാമക്കാരനെ അറിയിക്കാൻ താല്പര്യപ്പെടുന്നു.

**ജാമക്കാരൻ**

പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതെപ്പോൾ ?

ഈ ചോദ്യത്തിനുള്ള ഉത്തരം ശരിയായ രീതിയിൽ നാം മനസിലാക്കേതു വളരെ അത്യാവശ്യം. ഈ വിഷയത്തിൽ ക്രൈസ്തവർക്കിടയിൽ, രു അഭിപ്രായങ്ങൾ ഉ്.

1. യേശുക്രിസ്തുവിനെ വിശ്വസിക്കുമ്പോൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു.
2. വിശ്വസിക്കുമ്പോൾ നാം രക്ഷിക്കപ്പെടുന്നു. അതിനുശേഷം പരിശുദ്ധാത്മാവിനെ രാമത്തെ അനുഭവമായി പ്രാപിക്കുന്നു.

രാമതായി പറഞ്ഞ ഈ ആശയം ശരിയായതല്ല. രാമത്തെ അനുഭവമായി പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു എന്നു പഠിപ്പിക്കു ന്നവർ, അതിന് തെളിവായി കാണിക്കുന്നത് അ. പ്ര. 8–ാം അദ്ധ്യായത്തിൽ ശമര്യർ പരിശുദ്ധാത്മാവിനെ പ്രാപിച്ച അനുഭവമാകുന്നു. ശമര്യർ സുവിശേഷം കേട്ടു

രക്ഷിക്കപ്പെട്ടു എന്നാൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചില്ല. യെരൂശലേമിൽ നിന്നും പത്രൊസും യോഹന്നാനും വന്നു അവർക്കുവേി പ്രാർത്ഥിച്ചു അവരുടെമേൽ കൈകൾ വച്ചപ്പോഴാണ് പരിശുദ്ധാത്മാവ് അവരിൽ നൽകിയത്. ഈ അനുഭവത്തിന്റെ വിശേഷത എന്ത്? ഈ അനുഭവത്തെ നമുക്ക് മാതൃകയാക്കി എടുക്കാമോ? എന്നീ ചോദ്യങ്ങൾക്കു അല്പ വിശദീകരണ മറുപടി ആവശ്യമായിരിക്കുന്നു. ശ്രദ്ധിച്ചു പഠിപ്പിൻ.

വേദപുസ്തകത്തിൽ പഴയനിയമത്തിലും, പുതിയനിയമത്തിലും പരിശുദ്ധാത്മാവിനെപ്പറ്റി നാം ധാരാളം വായിക്കുന്നു. പരിശുദ്ധാത്മാവ് ത്രിത്വത്തിൽ ഒരുവനായ ദൈവമായിരിക്കുന്നു. പരിശുദ്ധാത്മാവിനെപ്പറ്റി യുള്ള വെളിപ്പാട് വേദപുസ്തകത്തിൽ പടിപടിയായി കൊടുത്തി രിക്കുന്നു. (PROGRES- SIVE REVELATION).

അ) പഴയനിയമകാലത്തിൽ പരിശുദ്ധാത്മാവ് ആവശ്യമായ സന്ദർഭങ്ങളിൽ ആവശ്യമായ വ്യക്തികളിൽ വന്നിറങ്ങി ക്രിയചെയ്തു. ഇപ്രകാരം ആവശ്യമുള്ള സമയത്തിൽ വന്നുംപോയും ഇരിക്കുന്നതായി കാണുന്നു. സമാഗമന കൂടാരത്തിലെ ചിത്രപണികൾ ചെയ്യാൻ ബസലേലിനെ പരിശുദ്ധാത്മാവ് നിറച്ചു. പുറപ്പാട്:31:5. ശൗലിൻമേൽ പരിശുദ്ധാത്മാവ് ഇറങ്ങി. 1 ശമു. 10:6, 11:6. ദാവിദിൻ മേൽ ഇറങ്ങി. 1 ശമു:16:13. ശൗലിൻ നിന്നും വിട്ടുമാറി. 1ശമു:16:14. പരിശുദ്ധാത്മാവിനെ തന്നിൽ നിന്നും എടുക്കരുതേ എന്ന് ദാവിദു പ്രാർത്ഥിച്ചു. സങ്കീ. 51:11. ശിംശോന്റെ മേൽ പരിശാദ്ധാത്മാവു ഇറങ്ങി. ന്യായാ:14:6,19, 15:14. ശിംശോന്റെ മേൽ വീും വിും ഇറങ്ങി എന്നു സൂചിപ്പിക്കുന്നത് ശ്രദ്ധിക്കുമ്പോൾ, ഇറങ്ങി പ്രത്യേകദൗത്യം നിറവേറ്റിയശേഷം പോയി എന്നല്ലേ അർത്ഥം. വീും ആവശ്യം വരുമ്പോൾ ഇറങ്ങും. ഇപ്രകാരം വന്നും പോയുമിരുന്ന പരിശുദ്ധാത്മാവിനെക്കുറിച്ച് പഴയനിയമത്തിൽ കാണുന്നു.

ആ) യേശുക്രിസ്തു ഭൂമിയിൽ ജീവിച്ചപ്പോൾ ജനങ്ങളെ നോക്കി സ്വർഗ്ഗീയ പിതാവ് തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ കൊടുക്കുന്നത്

നിശ്ചയം എന്നു ലൂ:11–13–ൽ കാണുന്നു. ഈ സ്ഥലത്തിൽ അവനോടു പ്രാർത്ഥിച്ചു പ്രാപിപ്പാൻ പറയുന്നതു കാണുന്നു.

ഇ) കർത്താവിന്റെ ഈലോകവേലയുടെ അവസാനത്തിൽ ഇപ്രകാരം പറഞ്ഞു. ഞാൻ പിതാവിനോടു അപേക്ഷിക്കും. അപ്പോൾ എന്നേക്കും നിങ്ങളോടു ഇരിക്കേതിനു സത്യത്തിന്റെ ആത്മാവായ വേറൊരു കാര്യസ്ഥനെ നിങ്ങൾക്കു തരും എന്നു പറഞ്ഞു. യോഹ:14:16.

ഈ) ഉയർത്തെഴുന്നേറ്റ കർത്താവ്, ശിഷ്യൻമാരുടെമേൽ ഊതി പരിശുദ്ധാത്മാവിനെ പ്രാപിപ്പിൻ എന്നു പറഞ്ഞു. (യോഹ: 20:22).

ഉ) പെന്തെക്കോസ്തു നാളിൽ കർത്താവിന്റെ വാക്കനുസരിച്ച് യെരുശലേമിൽ കാത്തിരുന്നവരുടെ മേൽ പരിശുദ്ധാത്മാവ് വന്നു. ഈ വരവു അവരിൽ വന്നു എന്നു മാത്രമല്ല, പരിശുദ്ധാത്മാവ് ആളത്വമായി സഭയിൽ ഭരണം നടത്താൻ വന്നു എന്നും അറിയണം. അവൻ സഭയിൽ വന്നുപോയും ഇരിക്കുന്നവനായി കാണാതെ നിത്യമായി വസിക്കുന്നതിന് വന്നു. യോഹ:14:16–ൽ **''എന്നേക്കും നിങ്ങളോടിരി ക്കേതിന് സത്യത്തിന്റെ ആത്മാവായ മറ്റൊരു കാര്യസ്ഥനെ അവൻ നിങ്ങൾക്കു തരും''** എന്നു കർത്താവ് പറഞ്ഞതിന്റെ നിറവേറ്റലായി പരിശുദ്ധാത്മാവിനെ തന്നു.

ഊ). പിൽക്കാലത്തിൽ പുറജാതികളുടെ ഇടയിൽ സുവിശേഷം അറിയിക്കപ്പെട്ടപ്പോൾ കൊർന്നല്ല്യേസിന്റെ വീട്ടിൽ വച്ചു സുവിശേഷം കേട്ട് എല്ലാവരുടെമേലും പരിശുദ്ധാത്മാവ് വന്നിറങ്ങി. അ:പ്ര: 1:8–ൽ പറഞ്ഞപ്രകാരം സുവിശേഷം യെരുശലേമിലും യഹൂദ്യയിലും ശമര്യയിലും ലോകത്തിന്റെ അറ്റ ത്തോളം അറിയിക്കപ്പെടണം. (യഹൂദന്മാർ, ശമര്യർ പുറജാതികൾ). അ. പ. 10–ാം അദ്ധ്യായത്തോടു ഈ വാക്കു നിറവേറുന്നു. ഇന്നു വചനം കേട്ടു വിശ്വസിക്കുന്ന എല്ലാവരിലും അവൻ വരുന്നു. ഇപ്രകാരം പടിപടിയായി വെളിപ്പാടിൽ അവസാന വെളിപ്പാടായി സഭയുടെ കാലത്തിൽ കർത്താവിനെ വിശ്വസിച്ചു സ്വീകരിക്കുന്നവരിൽ

പരിശുദ്ധാത്മാവ് വരുന്നു. ഗലാ: 3:12. 14. ഈ ക്രമത്തിൽ ശമര്യർ വചനത്തെ കേട്ടുവിശ്വസിച്ചശേഷം അപ്പോസ്തലൻമാർ കൈകൾ വച്ചപ്പോൾ പരിശുദ്ധാത്മാവ് വന്നു. തുടർന്നു സഭയുടെ കാലത്തിൽ അങ്ങനെ തന്നെ നടക്കും എന്ന കുറിപ്പോ അല്ലെങ്കിൽ ഉപദേശമോ വേദപുസതകത്തിൽ ഇല്ല. ഊതിയോ അല്ലെങ്കിൽ കൈകൾ വച്ചോ പരിശുദ്ധാത്മാവിനെ വിശ്വാസികൾ രാമത്തെ അനുഭവമായി സ്വീകരിക്കണമെന്നുള്ള ഉപദേശവും നൽകിയിട്ടില്ല.

2. **Transition Period** (ഒന്നിൽ നിന്ന് മറ്റൊന്നിലേയ്ക്ക് മാറിവരുന്ന ഇടയ്ക്കുള്ള കാലം).

യഹൂദമതത്തിൽ നിന്നു ക്രൈസ്തമാർഗ്ഗത്തിലേയ്ക്ക് മാറുന്ന കാലമായിരുന്നു. ഈ കാലത്തിൽ പല അനുഭവങ്ങൾ ഉായിരുന്നു. അവകൾ തുടർന്നുായിരുന്നില്ല. യഹൂദമതത്തിന്റെ ചടങ്ങാചാരങ്ങൾ ആവശ്യമില്ലാത്തതെന്നറിഞ്ഞ് പടിപടിയായി അവകൾ മാറ്റപ്പെട്ടു. വിശ്വസിച്ചാൽ മാത്രം പോര, ന്യാപ്രമാണത്തെയും കൈക്കൊള്ളണം എന്ന ഉപദേശം ഉായിരുന്നു. പരിച്ഛേദന ആവശ്യം എന്നു പഠിപ്പിച്ചു. പിൽക്കാലത്തിൽ പൗലൊസ് അപ്പോസ്തലന്റെ ഉപദേശത്താൽ അവകൾ മാറ്റിയതിനെ റോമർ, ഗലാത്യർ തുടങ്ങിയ ലേഖനങ്ങൾ നമുക്ക് വ്യക്തമാക്കുന്നു. ഈ ഇടക്കാലത്തിൽ നടന്ന സംഭവങ്ങളിൽ ഒന്നാണു അപ്പോസ്തന്മാർ കൈകൾ വച്ചതുമൂലം പരിശുദ്ധാത്മാവിനെ കൊടുക്കപ്പെട്ടതാകുന്നു.

3. **ജാതിപ്രശ്നം** (ശമര്യർ)

പത്തു ഗോത്രങ്ങൾ അടങ്ങിയ വടക്കെ രാജ്യമായ യിസ്രായേൽ രാജ്യം ഹോശേയ രാജാവിന്റെ കാലത്ത് അസീരിയർ ശമര്യയെ വലയം ചെയ്തു. ശമര്യരെ പിടിച്ച് ബന്ധനസ്ഥരാക്കി കൊുപോയി. കൂടാതെ ബാബിലോണിലും കൂഥാ. അവ്വ, ഹമാത്ത്, സെഫർവ്വയീം എന്നീ സ്ഥലങ്ങളിലും ഉായിരുന്ന മനുഷ്യരെ വരുത്തി അവരെ യിസ്രായേൽ ജന ത്തിനു പകരമായി കുടിപാർപ്പിച്ചു (2 രാജ. 17:6, 24).

ഇപ്രകാരം ശമര്യയയിൽ ഒരു സങ്കരജാതി ഉായി. ഇവർ എപ്പോഴും യഹൂദന്മാർക്കു വെറുപ്പുള്ളവർ. യെഹൂദർക്കു ശമര്യരോടു യാതൊരുവിധ ബന്ധവും ഉായിരുന്നില്ല. യഹൂദർക്കു രാജ്യം കൊടുക്കാൻ വന്ന യേശു ക്രിസ്തു തന്റെ രാജ്യത്തിൽ സുവിശേഷം അറിയിക്കാൻ ശിഷ്യന്മാരെ അയച്ചപ്പോൾ പറഞ്ഞതു ശ്രദ്ധിപ്പിൻ മത്തായി. 10:6–ൽ നിങ്ങൾ പുറജാതികളുടെ ഇടയിൽ പോകാതെയും ശമര്യരുടെ പട്ടണത്തിൽ പ്രവേശിക്കാതെയും കാണാതെപോയ യിസ്രായേൽ ഭവനങ്ങളിലേക്കു പോകുവിൻ എന്നു പറഞ്ഞു. എന്നാൽ കർത്താവു യഹൂദന്മാരാൽ തള്ളപ്പെട്ടു എല്ലാറ്റിനെയും വീടുക്കാൻ ക്രൂശിൽ മരിച്ചു, അടക്കം ചെയ്യപ്പെട്ടു ഉയർത്തെഴുന്നേറ്റശേഷം പറഞ്ഞതിനെയും ശ്രദ്ധിപ്പിൻ. ഇപ്പോൾ ഒരു പുതിയ യുഗം അല്ലെങ്കിൽ കാലം ആരംഭിച്ചു. ഇപ്പോൾ മത്തായി. 10–ാം അദ്ധ്യായത്തിൽ കൊടുത്തിരുന്ന കല്പന മാറ്റി ഒന്നാമതു യെരൂശലേമിലും പിന്നീട് ശമര്യയിലും അതിനുശേഷം ലോകമെല്ലാം പോകാൻ പറഞ്ഞു. യെരുശലേമിൽ ഉായ എതിർപ്പുകളും സ്തേഫാനോസ് കല്ലെറിയപ്പെട്ടു കൊല്ലപ്പെട്ടതുമായ സംഭവങ്ങൾ നിമിത്തം ശിഷ്യൻമാർ ചിതറിപ്പോയ എല്ലാ സ്ഥലത്തും സുവിശേഷം അറിയിച്ചു. അനേകർ വചനം സ്വീകരിച്ചു വിശ്വാസി കളായിത്തീർന്നു. ഈ വിശ്വാസികൾ പ്രത്യേക സഭയായി പോകാതിരിപ്പാൻ യെഹൂദൻമാരോടു ചേർന്നു ഇവരും ഒരേ ശരീരമായിരിക്കുന്നു എന്നു കാണിക്കേത് ഒരു ആവശ്യമായിരുന്നു. അതുകൊാണു പരിശുദ്ധാത്മാവ് സംഭവങ്ങളെ ഇപ്രകാരം നടത്തിയതു. ഇപ്പോൾ ശമരര്യരെ വെറുത്ത യഹൂദന്മാർ, ശമര്യരെയും യെഹൂദരെയും കർത്താവ് ഒന്നുപോലെ സ്വീകരിച്ചു ഒരേ ശരീരമായി സഭയായി യോജിപ്പിച്ചിരിക്കുന്നു എന്നു കാണിക്കുന്നതിനു അപ്പോസ്തലൻമാർ പോയി കൈകൾ വച്ചപ്പോൾ പരിശുദ്ധാത്മാവിനെ നൽകി. ഇപ്രകാരം യഹൂദ സഭ, ശമര്യസഭ എന്നിങ്ങനെ രു സഭകൾ ഉാകാതിരിക്കാൻ തടസ്സം ചെയ്യാനായിരുന്നു ഈ സംഭവം നടന്നതു.

**4. അപ്പോസ്തലൻമാരുടെ മുഖ്യത്വം:**

ശമര്യർ വിശ്വസിച്ചു ജ്ഞാനസ്നാനം പ്രാപിച്ചിട്ടും പരിശുദ്ധാത്മാവ്

വന്നില്ല. അപ്പോസ്തലന്മാർ വന്ന ശേഷമായിരുന്നു പരിശുദ്ധാത്മാവ് ലഭിച്ചതു. ക്രിസ്തു സഭയ്ക്കു മൂലകല്ലായിരിക്കാൻ അപ്പോസ്തലൻമാർ അസ്ഥിവാരമായിരുന്നു എഫേ. 2:20. ആദിമസഭയിൽ കാര്യങ്ങൾ എങ്ങനെ ചെയ്യപ്പെടണം ഏത് ഉപദേശം ശരിയായതു എന്നതെല്ലാം തീർച്ചപ്പെടുത്താൻ അപ്പോസ്തലൻമാരുടെ അടുത്തുതന്നെ വന്നു. അതിനു അപ്പൊസ്തലപ്രവൃത്തികൾ 15–ാം അദ്ധ്യായം ഒരു ഉദാഹരണം മാത്രം. അപ്പൊസ്തലന്മാരുടെ നേതൃത്വത്തെ അല്ലെങ്കിൽ മുഖ്യത്വത്തെ ശമര്യർ സ്വീകരിക്കേതു അത്യാവശ്യം. അതുകൊ് അപ്പൊസ്തലൻമാർ കൈകളെ വച്ചതുകൊ് പരിശുദ്ധാത്മാവ് ലഭിച്ചതുകൊ് അപ്പൊസ്തലൻമാരെ ശമര്യർക്കു സ്വീകരിക്കാൻ എളുപ്പമായിരുന്നു.

**5. പത്രോസിന് കൊടുത്ത താക്കോൽ:**

പത്രോസ് ക്രിസ്തുവിനെപ്പറ്റി നല്ല ഒരു പ്രസ്താവന ചെയ്തു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു. അപ്പോൾ കർത്താവ് പറഞ്ഞ മറുപടിയിൽ 19–ാം വചനത്തിൽ ഇങ്ങനെ പറഞ്ഞു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു എന്നു പറഞ്ഞു. ഈ താക്കോൽ പ്രയോജനപ്പെടുത്തി പത്രോസ് മൂന്നുകൂട്ടരെ ഉള്ളിലാക്കി. ഈ മൂന്നു എന്നതു അ. പ്ര. 1:8 അനുസരിച്ചു യഹൂദൻമാർ, ശമര്യർ, ജാതികൾ എന്നിവരാകുന്നു. പെന്തെക്കോസ്തു നാളിൽ പത്രോസ് ഇരിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവ് വന്നിറങ്ങി. ഇപ്പോൾ യഹൂദൻമാർക്കു വാതിൽ തുറക്കപ്പെട്ടു സഭയോടു ചേർക്കുന്നു. രാമതായി ശമര്യർ വചനം സ്വീകരിച്ചു എന്നാൽ അപ്പോൾ പത്രോസ് അവിടെയുായിരുന്നില്ല. വീും പത്രോസ് അവിടെ വന്നശേഷമായിരുന്നു പരിശുദ്ധാത്മാവു നൽകപ്പെട്ടതിനെ കാണുന്നതു. മൂന്നാമതായി പുറജാതിക്കാരനായ കൊർന്നല്യോസ് സുവിശേഷം കേൾക്കുകയും വിശ്വസിക്കുകയും ചെയ്യാൻ ഹേതുവായി പത്രോസിനെ ക്ഷണിച്ചു. അവൻ വന്നു സുവിശേഷം അറിയിച്ചു ജനങ്ങൾ കർത്താവിനെ വിശ്വസിച്ചപ്പോൾ പത്രോസിന്റെ മുന്നിൽ തന്നെ പരിശുദ്ധാത്മാവിനെ നൽകി. അതുകൊ് പത്രോസിന്റെ മുന്നിൽ അ. പ്ര. 2–ാം അദ്ധ്യായത്തിൽ യഹൂദന്മാർക്കും 8–ാം

അദ്ധ്യായത്തിൽ ശമര്യർക്കും 10–ാം അദ്ധ്യായത്തിൽ പുറജാതിക്കാരനായ കൊർന്ന ല്യോസിനും പരിശുദ്ധാത്മാവു നൽകി അവരെ സഭയോടു ചേർക്കപ്പെട്ടു. അതുകൊ് അ. പ്ര. 18 അനുസരിച്ചു മൂന്നു സ്ഥലങ്ങളിൽ മാത്രമേ പരിശുദ്ധാത്മാവു തന്നതിനെപ്പറ്റി നാം അറിയുന്നുള്ളൂ. ഈ നാളുകൾക്കകം ആയിരകണക്കായ ജനങ്ങൾ രക്ഷിക്കപ്പെട്ടു; പരിശുദ്ധാത്മാവിനെ പ്രാപിച്ചു. അവകളെപ്പറ്റി പ്രതിപാദിച്ചു കാണുന്നില്ല. യെരുശലേമിൽ യഹൂദന്മാർക്കു വാതിൽ തുറക്കപ്പെട്ടപ്പോഴും ശമര്യയിൽ ശമര്യർക്കു വാതിൽ തുറക്കപ്പെട്ടപ്പോഴും പുറജാതികൾക്കു കൊർന്നല്യോസിന്റെ വീട്ടിൽ വാതിൽ തുറക്കപ്പെട്ടപ്പോൾ മാത്രമേ പരിശുദ്ധാത്മാവിന്റെ വരവിനെക്കുറിച്ചു പറഞ്ഞിട്ടുള്ളു. (19–ാം അദ്ധ്യായത്തിന്റെ തനി അനുഭവത്തെക്കുറിച്ച് പിന്നീട് നോക്കാം).

**6. അനുഭവങ്ങൾ ഉപദേശങ്ങൾ ആകാമോ?**

ആ). അപ്പോസ്തലപ്രവൃത്തികൾ ആദിമ തിരുസഭയുടെ ചരിത്രമാകുന്നു. ജനങ്ങൾ ചെയ്ത ശരിയായതും തെറ്റായതുമായ കാര്യങ്ങൾ എല്ലാം അങ്ങനെ തന്നെ സൂചിപ്പിച്ചിരിക്കുന്നു. അവകളെ അങ്ങനെ തന്നെ പരിശീലിച്ചു സ്വീകരിക്കണം. പൗലൊസ് തിമൊഥെയോസിന് പരിച്ഛേദന കഴിച്ചു. ദൈവാലയത്തിൽ ചെന്നു തല ക്ഷൗരം ചെയ്യിച്ചു തന്നോടൊപ്പം ഇരുന്നവർക്കുവേി ബലിയർപ്പിച്ചു തീരുവോളം ശുദ്ധീകരണദിനങ്ങൾ നിറവേറ്റി. ഇതെല്ലാം നടന്നതു വാസ്തവം തന്നെ ഇതു നാം ചെയ്യണമെന്ന ഉപദേശം നമുക്കില്ല. വസ്തുവകകൾ വിറ്റു പൊതുവായി അനുഭവിച്ചു. ഇവകൾ ഇന്നു നാം ഉപദേശമാക്കുന്നില്ലല്ലോ.

ആ). മാത്രവുമല്ല വേദപുസ്തകത്തിൽ പല വ്യക്തിപരമായ അനുഭവങ്ങൾ ് . അവകൾ മറ്റുള്ളവർക്കും ലഭിക്കണമെന്നതു നിർബന്ധമല്ല. പൗലൊസിന്റെ മാനസാന്തരം ഒരു വ്യക്തിപരമായ അനുഭവമാകുന്നു. ഈ അനുഭവം തന്നെ എനിക്കും വേണം എന്നു കരുതിയാൽ നാം വഞ്ചിതരാകും. പത്രോസിനെ പുറജാതികളുടെ അടുക്കലേയ്ക്കു പോകാൻ ഒരുക്കിയ കർത്താവു അവനു തുപ്പട്ടിയിൽ ദർശനം നൽകി. അപ്രകാരം ഇന്നു നാം പ്രതീക്ഷിക്കാൻ

സാധിക്കാത്തതും നടക്കാൻ സാധ്യതയില്ലാത്തതുമായ പല വ്യക്തി പരമായ അനുഭവങ്ങളും അത്ഭുതങ്ങളും അപ്പൊസ്തലപ്രവൃത്തി പുസ്തകത്തിൽ ഉ്. അവകൾ അന്നു നടന്നു. ഇനിയും അത് നടക്കണമെന്നത് നിർബന്ധമില്ല.

ഇ). പരിശുദ്ധാത്മാവ് വന്നതിനെക്കുറിച്ച് അപ്പൊസ്തലപ്രവൃത്തികളിൽ നാലു സ്ഥലങ്ങളിൽ കാണുന്നു. അ. പ്ര. 2, 8, 10, 19 എന്നീ അദ്ധ്യായങ്ങളിൽ അവകൾ പറയപ്പെട്ടിരിക്കുന്നു. ഈ നാലു സ്ഥല ങ്ങളിലും സംഭവങ്ങൾ ഒന്നുപോലെ നടന്നിട്ടില്ല എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേതാകുന്നു. അനുഭവങ്ങൾ ഉപദേശമാക്കുക യാണെങ്കിൽ ഇതിൽ ഏതിനെ നാം അനുഭവമാക്കാൻ അവകാശം കാണിക്കും. ശ്രദ്ധിച്ചു നോക്കുക.

**2–ാം അദ്ധ്യായത്തിൽ**

1. വലിയ കാറ്റടിക്കുന്ന ശബ്ദം
2. വീടു മുഴുവനും നിറച്ചു.
3. അഗ്നിമയമായ നാവുകളും പിളർന്നിരിക്കുന്ന നാവുകളും കാണപ്പെട്ടു അവരിൽ പതിഞ്ഞു.
4. പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.
5. വിവിധ ഭാഷകളിൽ സംസാരിച്ചു.
    1. വിശ്വസിച്ചു.
    2. ജ്ഞാനസ്നാനം പ്രാപിച്ചു.
    3. പരിശുദ്ധാത്മാവിനെ പ്രാപിച്ചില്ല.

**10–ാം അദ്ധ്യായത്തിൽ**

1. സുവിശേഷം കേട്ടു.
2. പരിശുദ്ധാത്മാവ് ഇറങ്ങി.
3. പല ഭാഷകളിൽ സംസാരിച്ചു.
4. ജ്ഞാനസ്നാനം എടുത്തു.

**19–ാം അദ്ധ്യായത്തിൽ**

1. സുവിശേഷം കേട്ടു.

2. വിശ്വസിച്ചു യേശുവിൻ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ചു.

3. പൗലൊസ് അവരുടെമേൽ കൈകൾ വച്ചപ്പോൾ അവരിൽ പരിശുദ്ധാത്മാവു വന്നു.

മുകളിൽ പറഞ്ഞ നാലുസ്ഥലങ്ങളിലും നാലു വ്യത്യാസമായ അനുഭവങ്ങൾ ഉായിരിക്കെ നാം ഏതു മാതൃക തെരെഞ്ഞെടുക്കും. ഇവകൾ എല്ലാം തനി അനുഭവങ്ങൾ ആകുന്നു. ഇതിനെ നാം ഉപദേശമാക്കാൻ പാടില്ല. ലേഖനങ്ങളിൽ പരിശുദ്ധാത്മാവി നെക്കുറിച്ചുള്ള ഉപദേശങ്ങളെ ശ്രദ്ധിച്ചു സ്വീകരിക്കണം.

7. പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതെപ്പോഴെന്ന ചോദ്യത്തിന് ശരിയായതും വ്യക്തമായതുമായ ഉത്തരം എന്താണെന്നുവെച്ചാൽ നാം കർത്താവായ യേശുക്രിസ്തുവിനെ വിശ്വസിക്കുമ്പോൾ പ്രാപിക്കുന്നു എന്നതു തന്നെ. ആത്മാവിന്റെ സ്നാനം, അഭിഷേകം, മുദ്ര, അച്ചാരം, മുതലായവ എല്ലാം പല ആത്മീയ സത്യങ്ങളെ നമ്മെ പഠിപ്പിക്കുന്ന താകുന്നു. ഇവ എല്ലാം ഒരേ സമയത്തിൽ നടക്കുന്നവയാകുന്നു. ഇതിൽ ഒന്നു നമുക്കു്. മറ്റുള്ളവ നമുക്കില്ല എന്നുപറയാൻ സാധ്യമല്ല. എഫേ. 1:13, 14 അനുസരിച്ച് നാം രക്ഷയുടെ സുവിശേഷമായ സത്യവചനം കേട്ടു വിശ്വസിച്ചപ്പോൾ വാഗ്ദത്തം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടു എന്നും ആത്മാവിന്റെ അച്ചാരം പ്രാപിച്ചു എന്നും പറയ പ്പെട്ടിരിക്കുന്നു. വിശ്വാസത്താൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചു എന്നു ഗലാ. 3:2, 14 തുടങ്ങിയ വചനങ്ങളിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു.

**മുകളിൽ പറഞ്ഞ വ്യഖ്യാനത്തിന്റെ ചുരുക്കം.**

1. പരിശുദ്ധാത്മാവിനെക്കുറിച്ചു വേദപുസ്തകം പടിപടിയായി വെളിപ്പെടുത്തുന്നു. അ. പ്ര. 8–ാം അദ്ധ്യായത്തിലും, 14–ാം അദ്ധ്യായ ത്തിലും അപ്പോസ്തലന്മാർ കൈകളെവച്ചതുകൊ് പരിശുദ്ധാത്മാവു വന്നു.

2. ഒരു കാലത്തിൽ നിന്നും (ന്യായപ്രമാണകാലത്തിൽ നിന്നു) മറ്റൊരു കാലത്തിലേയ്ക്ക് (കൃപയുടെ കാലത്തിൽ അല്ലെങ്കിൽ സഭയുടെ

കാലത്തിലേയ്ക്ക്) മാറികൊിരുന്ന ചരിത്രസംഭവങ്ങളെക്കുറിച്ച് അപ്പൊസ്തല പ്രവൃത്തികളിൽ നാം കാണുന്നു. ഇവിടെ ഒരു പ്രത്യേക കാലഘട്ടത്തിൽ അപ്പോസ്തലന്മാർ കൈകളെ വച്ചതു മുഖാന്തിരം പരിശുദ്ധാത്മാവ് വന്നു.

3. ജാതിപ്രശ്നം. ശമര്യർ യഹൂദന്മാർക്കു വെറുപ്പുള്ളവർ. പ്രത്യേകം പ്രത്യേകമായി രു സഭകൾ ഉാകാതിരിക്കാൻ ശമര്യരെയും ദൈവം സഭയോടു ചേർത്തിരിക്കുന്നു. രുപേരും ചേർന്ന് ഒരു സഭയെന്നു കാണിക്കാൻ വേി ഈ സംഭവം നടന്നു.

4. അപ്പോസ്തലന്മാർക്കുായിരുന്ന വിശേഷമായ അധികാരങ്ങളെ കാണിക്കാനും അവരുടെ നേതൃസ്ഥാനം അംഗീകരിക്കാനും ഇപ്രകാരം നടന്നു. 5. പത്രോസിനു കൊടുത്ത താക്കോൽ ഉപയോഗിച്ച് ശമര്യർക്കും ദൈവരാജ്യത്തിന്റെ വാതിൽ തുറന്ന് അവരെ ഉള്ളിൽ പ്രവേശിപ്പിക്കാനും അപ്രകാരം നടന്നു.

6. അപ്പോസ്തലന്മാരിൽ നാം പല അനുഭവങ്ങൾ പഠിക്കുന്നു. അനുഭവങ്ങളെ ഉപദേശമാക്കി മാറ്റാൻ പരിശ്രമിക്കാൻ പാടില്ല. പരിശുദ്ധാത്മാവ് വന്ന നാലു സ്ഥലങ്ങളിലും സംഭവങ്ങൾ നാലു വിധ മായിരിക്കുന്നു. അതുകൊ് ഒന്നിനെ മാത്രം നാം ഉപദേശമാക്കി യെടുത്തു കൊള്ളുന്നതു തെറ്റാകുന്നു.

7. നാം ഇന്ന് കാത്തിരിക്കുന്നതു മൂലമോ പ്രാർത്ഥിക്കുന്നതു മൂലമോ കൈകൾ വയ്ക്കുന്നതു മൂലമോ ഊതിയോ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നില്ല. കർത്താവായ യേശുക്രിസ്തുവിനെ സ്വന്തംരക്ഷകനായി വിശ്വസിച്ച് സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു. അപ്പോസ്തല പ്രവൃത്തികളിൽ പരിശുദ്ധാത്മാവ് പ്രത്യക്ഷമായി വന്നത് നാലു സ്ഥലങ്ങളിൽ നാം കാണുന്നു. മൂന്നു സ്ഥലങ്ങളിൽ നേരത്തെ കു; നാലാമത്തെ സ്ഥലം അ. പ്ര. 19–ാം അദ്ധ്യായമാകുന്നു.

ഇവിടെ എഫേസ്യ പട്ടണത്തിലുള്ള 12 പേർ പരിശുദ്ധാത്മാവിനെ

പ്രാപിച്ചത് സംബന്ധിച്ച് പറയപ്പെട്ടിരിക്കുന്നു. ഇവരുടെ അനുഭവത്തെ പരിശുദ്ധാത്മാവിന്റെ രാമത്തെ അനുഭവമായി പ്രാപിക്കണം എന്നതിന് അടിസ്ഥാനമായി പറഞ്ഞിരിക്കുന്നതുകൊ് ഇതിനെക്കുറിച്ച് ചുരുക്കമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇവർ ശിഷ്യൻമാർ എന്നു പറഞ്ഞാലും ഇവർ യോഹന്നാന്റെ ജ്ഞാനസ്നാനം പ്രാപിച്ചവർ. യോഹന്നാൻ വരുവാനിരിക്കുന്ന ദൈവത്തിനുവേി തങ്ങളെ ഒരുക്കാൻ മാനസാന്തരത്തിനുള്ള ജ്ഞാനസ്നാനം കൊടുത്തു. ഇവരെല്ലാം യേശുക്രിസ്തു വന്ന് മരിച്ചുയർത്തു അതിനുശേഷം പരിശുദ്ധാത്മാവിനെ തന്നു എന്ന് കേട്ടിട്ടില്ലാത്തവരായിരുന്നു. അതുകൊാണ് അവർക്ക് പൗലൊസ് അവയെ പറഞ്ഞു അവർ അത് വിശ്വസിച്ചതുകൊ് വീും യേശുവിന്റെ നാമത്തിൽ ജ്ഞാനസ്നാനം കൊടുത്തു. പിന്നീട് പൗലൊസ് ഇവരുടെമേൽ കൈകൾ വച്ചപ്പോൾ പരിശുദ്ധാത്മാവ് നൽകപ്പെട്ടു. നേരത്തെ നാം കതുപോലെ ഇത് ഇടയ്ക്കുള്ള കാലഘട്ടം. Transition Period. അപ്പൊസ്തലന്മാർ കൈകൾ വച്ചതുമൂലം പരിശുദ്ധാത്മാവ് കൊടുക്കപ്പെട്ടകാലം. അതു അപ്പോസ്തലന്മാർക്കു വിശേഷിച്ച് കർത്താവിനാൽ നൽകപ്പെട്ട അധികാരം. ഇതുക ശീമോൻ തനിക്കും ആ അധികാരം ലഭിക്കത്തക്കവണ്ണം അപ്പൊസ്ഥലന്മാർക്കു പണം കൊടുക്കാൻ മുന്നോട്ടു വന്നതിനെ അ. പ്ര. 8:18–ൽ നാം കാണുന്നു. ഈ അധികാരം വെറുതെ ചോദിച്ച് പ്രാപിക്കുന്നതല്ല; കർത്താവ് തന്നെ കൊടുത്തതാകുന്നു.

പൗലോസ് അപ്പോസ്തലനോ അല്ലയോ എന്നത് അക്കാലത്തിൽ ഒരു വലിയ ചോദ്യമായിരുന്നു. അനേകർ അവനെ അപ്പോസ്തലൻ എന്നു വിശ്വസിച്ചിരുന്നില്ല. ഏതായാലും അപ്പോസ്തലൻ എല്ലാ ലേഖന ങ്ങളിലും അതിനെ എടുത്തു പറയുന്നത് ശ്രദ്ധിക്കുക. ഗലാതൃരോടു പറയുമ്പോൾ മനുഷ്യരാലുമല്ല, മനുഷ്യൻമൂലമായുമല്ല യേശു ക്രിസ്തുവിനാലും അവനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ച പിതാവായ ദൈവത്താലും അപ്പൊസ്തലനായ പൗലോസ് ഗലാ. 11:1–ൽ തന്നെ അപ്പോസ്തലൻ അല്ല എന്ന് കൊരിന്ത്യരിൽ

പലരും കരുതുന്നു എന്നു പറയുന്നു. അതുകൊാണ് 2 കൊരി. 12:12–ൽ അപ്പോസ്തലന്റെ ലക്ഷണങ്ങൾ പൂർണ്ണ സഹിഷ്ണതയിലും അടയാളങ്ങളാലും അത്ഭുത ങ്ങളാലും വീര്യപ്രവൃത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടു വന്നുവല്ലോ എന്ന് സൂചിപ്പിക്കുന്നത്.

ഈ നിലയിൽ പൗലോസ് കൈകൾ വച്ചപ്പോൾ എഫേസ്യർക്കു പരിശുദ്ധാത്മാവിനെ കൊടുത്തതുകൊ് പത്രോസിനെയും യോഹന്നാനെയും പോലുള്ളവർ കൈകൾ വച്ചപ്പോൾ പരിശുദ്ധാത്മാവ് കൊടുക്കപ്പെട്ടതു പോലെയുള്ള സംഭവം നടന്നതുകൊ് പൗലോസും തീർച്ചയായി ഒരു അപ്പോസ്തലൻ എന്നത് തെളിയിപ്പിച്ചുകാണിക്കുന്നു. അതുകൊ് ഈ അനുഭവം പൗലോസിന്റെ അപ്പോസ്തലപട്ടത്തെ ദൃഢപ്പെടുത്താൻ നടന്ന സംഭവമായി കരുതാൻ സാധ്യതയു്. മറിച്ചു നാം പരിശുദ്ധാത്മാവിനെ രാമത്തെ അനുഭവമായി പ്രാപിക്കു ന്നതി നെ അറിയിക്കുന്ന ഒരു സംഭവമല്ല. കാരണം ഇതേ അപ്പൊസ്തൻ എഫേ സ്യർക്കു ലേഖനം എഴുതുമ്പോൾ വളരെ തെളിവായി പരിശുദ്ധാ ത്മാവിനെ അവർ എപ്പോൾ പ്രാപിച്ചു എന്ന് എഫേ. 1:13, 14–ൽ സൂചിപ്പിക്കുന്നു. “അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെ ക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കുകയും ചെയ്തിട്ടു തന്റെ സ്വന്ത ജനത്തിന്റെ വീടെുപ്പിനുവേി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൽ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു”. മുദ്രയിടുന്നത് ഒരു പ്രത്യേക പ്രവൃത്തിയുടെ ഇടയിൽ അല്ല. ആരംഭത്തിൽ രക്ഷിക്കപ്പെട്ടു അനേകദിവസം കാത്തിരുന്നു മുദ്രയി ടുന്നതല്ല, വിശ്വസിക്കുമ്പോൾ അവൻ നമ്മെ മുദ്രയിട്ടു സ്വന്ത മാക്കുന്നു. അതായതു പരിശുദ്ധാത്മാവിനെ നാം പ്രാപിക്കുന്നു. ഇപ്രകാരം പരിശുദ്ധാത്മാവിനെ നൽകുന്നത് രാമത്തെ അനുഭവമായിരിക്കാതെ രക്ഷിക്കപ്പെടുമ്പോൾ തന്നെ നടക്കുന്ന സംഭവമായിരിക്കുന്നു.

## ജാമക്കാരൻ വേ

- ☐ ജാമക്കാരൻ നിങ്ങൾക്കു പ്രയോജനമില്ലെങ്കിലോ
- ☐ ജാമക്കാരൻ മാസിക വായിക്കുന്നത് നിങ്ങളുടെ സഭാ പാസ്റ്ററോ, അച്ചനോ, ബിഷപ്പോ ഇഷ്ടപ്പെടാതെ അതു കാരണം നിങ്ങൾക്ക് പ്രശ്നം വരും എന്നു തോന്നിയാൽ
- ☐ ജാമക്കാരൻ ഉപദേശ വിഷയത്തിൽ നിങ്ങളെ കുഴപ്പത്തിൽ ആക്കുന്നു എന്നു കരുതിയാൽ അഥവാ നിങ്ങളുടെ വിശ്വാസ ത്തിനു തടസ്സമായിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞാൽ
- ☐ വളരെ പ്രത്യേകമായി ജാമക്കാരനായ ഞാൻ (ഡോ. പുഷ്പരാജ്) എഴുതുന്ന വിഷയങ്ങളിലും വാർത്തകളിലും വ്യാജമോ കള്ളമോ ഉണ്ടെന്നറിഞ്ഞാൽ

ഉടൻ തന്നെ നിങ്ങൾക്കു പോസ്റ്റിൽ വരുന്ന ജാമക്കാരൻ കവറിന്റെ മേലെ **REFUSED or RE-DIRECTED** എന്നു എഴുതി സ്റ്റാംപ് ഒട്ടിക്കാതെ തന്നെ പോസ്റ്റ് ബോക്സിൽ ഇട്ടാൽ മതി. അതിനുശേഷം ജാമക്കാരൻ മെയിലിംഗ് ലിസ്റ്റിൽ നിന്നും നിങ്ങളുടെ അഡ്രസ്സ് നീക്കും. അതിനുശേഷം ജാമക്കാരൻ നിങ്ങളെ ശല്യപ്പെടുത്തുകയില്ല.

**JUNE -2024**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.